little KITEs

DIGITAL MAGAZINE

# MOSAIC

CHENNAMANGALLUR
HIGHER SECONDARY SCHOOL
SCHOOL CODE: 47068

# ആശംസകളോടെ...

ചേന്ദമംഗല്ലൂർ ഹൈസ്കൂളിലെ **LITTLE KITE** വിദ്യാർത്ഥികൾ തയ്യാറാക്കിയ **MOSAIC** മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു. ഇതിനോടൊപ്പം ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും അഭിനന്ദിക്കുന്നു.

ഹെഡ്മാസ്റ്റർ
യു പി മുഹമ്മദ് അലി
ചേന്ദമംഗല്ലൂർ HSS

# ചെറിയ കാര്യങ്ങളുടെ വലിയ പുസ്തകം

കേരള സർക്കാറിന്റെ കൈറ്റ് പദ്ധതിയുടെ കീഴിൽ വിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കുവാനായി ആരംഭിച്ച പദ്ധതിയാണ് ലിറ്റിൽ കൈറ്റ്. ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിൽ ധാരാളം പരിപാടികൾ വിദ്യാലയങ്ങളിൽ നടന്നു വരുന്നു. വിദ്യാർത്ഥികളിൽ സാങ്കേതിക അവബോധം വർദ്ധിപ്പിക്കുന്നതിന് ഇത്തരം പരിപാടികൾ വളരെയേറെ ഗുണം ചെയ്യുന്നു.

വിദ്യാർത്ഥികളുടെ സർഗസൃഷ്ടികൾ പ്രദർശിപ്പിക്കാൻ അവസരമൊരുക്കുകയാണ് ലിറ്റിൽ കൈറ്റ് ഇപ്പോൾ. ലിറ്റിൽ കൈറ്റ് മാഗസിനു വേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾ പോയ വർഷം ആഗസ്റ്റ് മാസത്തോടെ തന്നെ വിദ്യാലയങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. സാധാരണ ഗതിയിലുള്ള പേപ്പർ മാഗസിനുകളിൽ നിന്നും വ്യത്യസ്തമായി സ്കൂൾ വിക്കിയുമായി ചേർന്ന് ഡിജിറ്റൽ മാഗസിനാണ് ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള വിദ്യാലയങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

ചേന്ദമംഗല്ലൂർ ഹൈസ്കൂളും അഭിമാനപുരസരം ഈ പരിപാടിയുടെ ഭാഗമാവുകയാണ്. വിദ്യലയത്തിലെ കുട്ടുകാർ ഒരുപാട് പരിശ്രമിച്ച "MOSAIC" എന്ന പേരിലുള്ള ഈ മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്. ഒരുപാട് ചെറിയ കാര്യങ്ങൾ ഉൾപ്പെടുത്തിയ വലിയൊരു പുസ്തകം. അതാണ് "MOSAIC". ഇതിനു പിന്നിൽ ഒരുപാട് പേരുടെ അദ്ധ്വാനവും പരിശ്രമവും ഉണ്ട്. ഞങ്ങൾക്ക് എല്ലാ പിന്തുണയും നൽകി ഞങ്ങളോടൊപ്പം നിന്ന ലിറ്റിൽ കൈറ്റ് മാസ്റ്റർ അൻവർ സാറെയും മിസ്സ്സ് ഹാജറ ടീച്ചറെയും നന്ദിപൂർവ്വം ഓർക്കുന്നു. അതോടൊപ്പം എന്റെ എല്ലാ സഹപ്രവർത്തകരെയും നന്ദിപൂർവ്വം സ്മരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

പ്രിയപ്പെട്ട വായനക്കാർക്ക് ഞങ്ങൾ ഈ കൊച്ചു പുസ്തകം സവിനയം സമർപ്പിക്കുന്നു

എന്ന്,

തലാൽ ഹാഷിം ( എഡിറ്റർ, MOSAIC മാഗസിൻ )

# ഉള്ളടക്കം

കവിത


ഇ-ഹ്യൂമാനിറ്റി.........................................................................ആമിർ ജോയിസി

അമ്പാടിക്കണ്ണൻ......................................................................ഹന അറഫാത്ത്

പ്രകൃതിയിലൂടെ......................................................................പ്രിയൻ

പെയ്തൊഴിയാതെ മലർനിലാവ് ......................................................നസ് ല ഷെറിൻ

പ്രയാണം...............................................................................അശ്വനി

സ്നേഹ മഴ.............................................................................ഹസ്ന ബാനു

വരം...................................................................................ഗായത്രി

ഭാഗ്യം ...................................................................................ശ്രീലക്ഷ

തണൽ മരം...........................................................................ലെയ്യിൻ ഫൈസൽ

.

എ ഡേ അറ്റ് സ്കൂൾ...................................................................ഇശ പർവീൻ

ഫോസൻ ഡ്രീംസ്......................................................................ഹഫ സാലിം

ഇൻ യുവർ ഷാഡോ....................................................................ജ്യോതിക

വി ആർ ഫ്രണ്ട്സ്........................................................................ഹസ്ന ബാനു

മൈ ഷാഡോ.............................................................................ആര്യ എസ് ചൈതന്യ


ചിത്രങ്ങൾ


വാട്ടർ കളറിംഗ്............................................................................................................

പെൻസിൽ ഡ്രോയിംഗ്....................................................................................................

ഡിജിറ്റൽ പെയിൻറിങ്ങ്.................................................................................................

## കഥ


കാത്തിരിപ്പ്........................................................................................................ഫാത്തിമ നാജിയ

അടയാളങ്ങൾ അവശേഷിക്കാതെ കടന്ന് പോകുന്നവർ .............................അർവ

നിറങ്ങൾ..............................................................................................................സ്വാതിക എസ് ഷാജി

വഴികേടിലായ സമൂഹം .........................................................................................ഹൈഫ മുഹമ്മദ്

മലയാളി മറന്ന മലയാളം...................................................................................ദിൽദിയ

നാണയത്തുട്ട..........................................................................................................സഫ നൗറിൻ

ഓർമ്മകളേ പ്രണാമം..........................................................................................മിൻഹ

മുനീറിൻറെ ബിയ്യാത്തു ..........................................................................................ഫംന താജ്

എന്നോട് ക്ഷമിക്കില്ലേ നീ...............................................................................

വാക്ക്സ് റ്റു ഹെവൻ............................................................................................അയിശ റിദ

ദി ഡാർക്ക് എയ്ജ് .................................................................................................നിദ ഫാത്തിമ

പ്രഭാതം.................................................................................................................ദേവിക . പി

സ്കൂൾ പ്രവർത്തനം........................................................................................................


## ശാസ്ത്രകുറിപ്പുകൾ


ആലപ്പാട് ദി അപ്പ്സകോണ്ടിങ്ങ് ബൂൺ.............................................................................അസീൽ

സയൻറ്റിഫിക് ഫാക്റ്റ് എബൗട്ട് ക്രയ്യിങ്ങ്..............................................................................അസിൻ

മീഡിയ സൊസയ്റ്റി..........................................................................................................ഫർഹ ബെന്ന

വൈ ദി നെച്ചർ ഗോസ് ക്രേസി....................................................................................അസീൽ


## യാത്രാ വിവരണം


വയനാട് സന്ദർശനം..........................................................................................................ആർദ്ര

# E- Humanity

Aamir joicy (English Dpt.)

'Water...... water.......'
My dying grandma sent the message
through Whatsapp.

While scrolling down I just
tweeted my grandma's e-plea
on twitter

What does it mean? ? ? ? ? ?
Discussion corners, poetry groups
Bloggers, philosophers and critics
commented deep

You see the six dots? ? ? it means.....
A young poet vomited
Water means life, She is.......
Another fellow critic's critique
I raised from my cyber tomb
Just went to the room nearby

My next Facebook post was a photo
'Dead photo of my grandma with barren lips
No, rather, the photo of an intimate stranger
I got One Billion likes and One Million comments
INSTANTLY...! ! !

# അമ്പാടി കണ്ണൻ

Hana Arafath N.K. IX-B

അമ്പാടി തന്നിലൊരുണ്ണിക്കിടാവയി
അൻപോടെ കണ്ണൻ വളരും കാലം
അന്നൊരു നാളുണ്ണിക്കണ്ണൻ പതുക്കവെ
അമ്മ മുറിയിൽ ചെന്നേവം ചൊല്ലി
താലോലമ്മ,പൈതൽ താലോലമ്മ  പൈതൽ
താലോലമ്മ,  പൈതൽ  താലോലമ്മ
"അമ്മേ എനിക്കിപ്പോൾ അമ്മിഞ്ഞ നൽകേണംമ്മെ
അല്ലെ ൽ ഉണ്ണാനയയ്ക്കില്ല "
“അന്തിയായാലുണ്ണിക്കമ്മിഞ്ഞ നൽകീടാം
എൻ മകനേ പൊയി കളിച്ച കൊൾക"
താലോലമ്മ  പൈതൽ താലോലമ്മെ പൈതൽ
താലോലമ്മ  പൈതൽ താലോലമ്മെ
അന്തിയാലമ്മെ എന്തൊരടയാളം
“അന്തിയലമ്മെ എന്തൊരടയാളം"
“അന്തിയായാലുണ്ണീ കുരിരുട്ട് "
താലോലമ്മ,പൈതൽ താലോലമ്മ  പൈതൽ
താലോലമ്മ,  പൈതൽ  താലോലമ്മെ............

# പ്രകൃതിയിലൂടെ

ഓരണിപ്പുല്ലിൽ കിളഞ്ഞാടിയാടി
കാർവണ്ടു ദൂരേക് നീങ്ങി മറയുന്നു.
താഴേക്കു താഴേക് നീ തന്ന സ്വപ്നം
തഴ്മയൊടണയുന്ന നിലമറ്റിയാലും

കറ്റിന്റെ ഓളങ്ങൾ ഓമനിച്ചോരെ
നിത്യത്തത്തിലലിയുന്ന പൂവാടിയിലാകെ
മദുവൂറും ആശംഖു നീർത്തുള്ളി-
യാർജിച്ച മനതാരിലാ ശംഖു നീരുറവ സ്ഥാപിച്ചു.

തണലിനു മീതെയാണാമര ഞ്ജാടികയിൽ
അണയാത്ത പുല്ലിൻ മാധുര്യമുണ്ട്
അരികിലായ് നുകരുവാൻ കഴിയാത്ത-
സ്വപ്നങ്ങൾ അണയത്ത മണ്ണിൻ-
തരികളാണ്

നീല വനിലെ മാമലചോട്ടിലെ തിങ്കൾ
താരമോടൊഴുക്കുന്നു വിണ്ണിലേക്
വിണ്ണിലും മണ്ണിലും മാനവ മനസ്സിലും
ആത്മമാം വിഷാദം വിശ്യമായ് നിലനിർത്തുന്നു

# പ്രയാണം

Aswani A. IX-B

ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നുതിര്ന്നു
വീണ മഴപൊൽ ദൈവത്തിന്റെ
കരങ്ങളിൽ നിന്നുതിർന്നുവീണ ആദിമ മനുഷ്യാ
നിനക്കു വന്ദനം

കാട്ടും മേട്ടും താണ്ടി കല്ലും
മുള്ളും ആയുധമാക്കി നീത്തുടങ്ങി
ചരിത്രത്തിൽ പ്രയാണം നീത്താന്നെ
യല്ലയൊ നിദാനം ഈ മനുഷ്യചരിത്രതിന്

മാനിന്റെ തൊലു നീ ചേലയാക്കി
മാൻകുഞ്ഞിനെ നീ കൊന്നുതിന്നു.

പാറക്കെട്ടുകൾ തൻ മാവിൽ
അന്തിയുറങ്ങി മെഴുകുതിരിപ്പോലെ
സ്വയം നീ ഉരുകിയൊലിച്ചു മറ്റുള്ളവർക്കായി .......
ആയിരം കൊല്ലം കടന്നു പോയാലും
ആയിരം കോടി മനുഷ്യർ ജനിച്ചാലും

നിന്റെ വരദാനങ്ങൾക്ക്
മുന്നിൽ ഞാൻ അർപ്പിക്കുന്നു
ആയിരം പനിനീർപൂക്കൾ ............................

# സ്നേഹ മഴ

ഹസ്ന ബാനു

നിറവാർന്ന വേദനയിൽ
നിന്നൊലി എനിക്ക് ജീവനേകി
കൊടും ചൂടിൽ ഇരുട്ടിൻ
ദീപമെന്ന പോലെ നീ വന്നു.....
ഹൃദയത്തിൻ പരാതികൾ
നിന്നിലേക്ക് കവർന്നു നീ....
ഓർമ്മകൾ മൂടുമ്പോൾ
തനിച്ചല്ലെന്ന മുന്നറിയിപ്പോടെ
എനിക്കൊപ്പം നിന്നു നീ....
അന്ത്യമെന്നോടടുക്കുമ്പോഴും
നീ അരികിൽ ഉണ്ടാകുമെന്ന
വിശ്വാസം എന്നെ പൊതിയുന്നു....

മഴയെന്ന് നിന്നെ വിളിക്കുമ്പോഴും
എന്നെപ്പോലറിയില്ലാർക്കും ആ വാക്കിൻ
യഥാർത്ഥ അർത്ഥം....!

# വരം

ഗായത്രി ജി

മഴപെയ്യുന്നു മാനത്ത്
ചറപറചറപറ പെയ്യുന്നു
കണ്ണിനു കുളിരായ്
മണ്ണിനു കുളിരായ്
മനസ്സിനു കുളിരായ് പെയ്യുന്നു
വറ്റിവരണ്ടൊരു പാടത്ത്
കുറ്റികൾ കത്തികരിയുമ്പോൾ
തെളിനീരായ് നീരുറവയായ്
ദാഹജലമായ് മഴയെത്തി
ദൈവത്തിന്റെ സ്വന്തം നാട്ടിൽ
ദൈവം തന്നൊരു വരദാനം
സംരക്ഷിക്കാം കുന്നുകളെ
സംരക്ഷിക്കാം വനങ്ങളെ
നാളേക്കുള്ളൊരു കരുതലിനായ്
മഴ മഴ എന്നൊരു വരത്തിനായ്
കൈകൾ കോർക്കാം ഒന്നിച്ച്
വെട്ടുകയില്ല മരങ്ങളെ
മാന്തുകയില്ല കുന്നുകളെ
നശിപ്പിക്കില്ല വനങ്ങളെ
മലിനമാകും പുഴകളെ
വീണ്ടെടുക്കാം ഒറ്റക്കെട്ടായ്
മഴ പെയ്യട്ടെ മാനത്ത്
ചറപറചറപറ പെയ്യട്ടെ
മണ്ണും മനസ്സും കുളിരട്ടെ

# ഭാഗ്യം

ശ്രീലക്ഷ്മി . കെ

പൊട്ടിച്ചിരിക്കും സൂര്യനേ........
നീയെന്തേ പൊട്ടിച്ചിരിക്കാതിരിപ്പൂ........
പൂമണം വീശുന്ന കാറ്റേ ........
നീയെന്തേ അരികിൽ വരാതിരിപ്പൂ........
മുഖം കറുപ്പിച്ചിരിക്കും കാർമേഘമേ
നീയെങ്ങു പോകുന്ന വേഗത്തിൽ
കടലാസു പോലും എരിയുമീ കാലത്ത്
പൂക്കളെല്ലാം പോയ കാലത്ത്
നാം ജീവിച്ചിരിപ്പതെന്തു ഭാഗ്യം !
അതെന്തു ഭാഗ്യം !

# തണൽ മരം

ലെയ്യിൻ ഫൈസൽ 10F

ഭൂജാതനായതുമുതൽ
ഞാനാ മരത്തണലിലാണ്
അതെ, എൻറെ ആദ്യ കരച്ചിലിൽ
ആനന്ദം കണ്ടെത്തിയ
ആ തണൽമരം
സ്നേഹത്തിൻ കുളിര് പകർന്ന
ആ തണൽമരം.

ഒന്നും തരുന്നില്ലെന്ന്
അന്നനാളം പരാതിപ്പെട്ടപ്പോൾ
കായ്കനികൾ വീഴ്ത്തിത്തന്ന
ആ തണൽമരം
നനവില്ലാതെ എങ്ങനെ ജീവിക്കാൻ?
എന്ന കണ്ഠം ചോദിച്ചപ്പോൾ
തടികളിൽ ശേഖരിച്ച ജലം
പഴങ്ങളിലൂടെ ഊർന്നിറക്കിത്തന്ന
അതേ തണൽമരം
വൃദ്ധയാകാൻ തിടുക്കം കൂട്ടിയ
കാലത്തിനെ വയസ്സനാക്കിയ
അതേ തണൽമരം
അതെ; ആ തണൽമരം.

കൊടുങ്കാറ്റു വന്നപ്പോൾ
പാറിയില്ല ഞാൻ
അരുണൻ തലക്കുമീതെ വന്നപ്പോൾ
ഉരുകിയില്ല ഞാൻ
കാർമേഘങ്ങൾ തൻ പടയാളികൾ
അമ്പെയ്തിട്ടും തുളച്ചില്ല;
എൻറെ ശിരസ്സ്,

കാലങ്ങളായി അവരെന്നെ പരീക്ഷിച്ചപ്പോഴൊക്കെയും
ശക്തിയുക്തം നേരിട്ട
ആ മരം എന്നോടൊപ്പമുണ്ടായിരുന്നു;
ആ തണൽമരം.
ഇന്നു ഞാൻ വലുതായി.
വിധിയോട് ഉരതി വരവീണ
ആ തടിയിന്മേൽ ചാരിയിരുന്ന്
സുപ്രഭാതത്തിലൊരിക്കൽ ഞാൻ കുളിർ കായുമ്പോൾ
ആ മരമെന്നോട് പറഞ്ഞു:

"പടർന്ന് പന്തലിച്ച് ,
കൊടുങ്കാറ്റിനെ കുളിർക്കാറ്റാക്കുന്ന,

വെയിലിനെ തണലാക്കുന്ന
മറ്റൊരു തണൽമരമാകുക നീയും നാളെ"
അതെ, ആ തണൽമരമായിരുന്നു
എന്നോടത് പറഞ്ഞത്.
ആ തണൽമരം, അമ്മ!

# A day at school

- Isha parveen VIII-F

Waking up every morning
feeling wrecked,
Gotta go to school
what the heck?
Late a minute,gotta run
Eyes not open,still in dream
But when you see your friends
it ends
we chat,we gossip and rings the bell.
Expected to listen to the class but
all you wanna do is fool around.
Oh the boredom of listening to boring
lectures and having to sit in silence
when all you wanna do is sleep.
That's school
Countless friends,count less Jokes,
Countless laughs,countless memories
All together in a block
e quals to school.

# Frozen Dreams

Hafa Salim X-C

She was busy building up cone,
Her colourful dreams
At the age of blossom,
She was well planned.

And that day came.
She was not ready,
But she was, For her family.
She got hitched.

And there she said No to her likes,
She started to crack
the cone with dreams.
Those dreams haunted,
But she act as doesn't care.

And the years passed,
Well, she complained to no one.
She told her life to her junior.
And I know mamma is a survivor,
from haunting of her frozen dreams.

Now, it's my turn
And I can't let someone
Freeze mine.
I want to fly
to the Infinity.
No matter the resistant
I have to move on, without freezing.

# IN YOUR SHADOW

Jyothika IX-E

I feel so precious when you are by my side.
From the very first day
that I feel you, I recognize you
you keep me happy, you were there
in my sadness.

And even all the spectacular moments
that had passed away was only
with your signature
so, for me who really are you?
A Guide, A Father, A Brother or A Friend!
Its really hard to describe you
But you are the most precious thing
that I ever had.

I know you never leave me
because you are me, myself
Something that leads me
Something which come closer to me
you are the light that lead me
And its you who I am.

# 'We are Friends...!'

Hasna Banu VIII E

Alone I can '**say**' but ,
together we can '**talk**'...!

alone I can '**enjoy**' but,
together we can '**celebrate**'...!
alone i can '**smile**' but,
together we can '**laugh**'...!
This is the '**beauty**'
of '**Friendship**'...!

we are nothing without
each other...!

# My Shadow

Areyia S Chythaniya
(Work education)

It has been my friend,
the best friend indeed

Has been with me,
from the start of this ride

The ride that is life,
With all its turmoil

Joyous sometimes yet sorry
sometimes

All through the ride,
it has stayed composed

Neither did complain
nor did console

Backing me up even,
When I'm broken down

Calming me even when
I'm on the top

Wasn't that me,
the real me in me

or wasn't that yet
just a play of my mind


Now I learnt it
Was my shadow indeed

Just a shadow nor
my friend nor my foe.





CHENNAMANGALLUR HSS


Night
thinking
Day
Dreaming




149





**CHENNAMANGALLUR HSS**






CHENNAMANGALLUR HSS




CHENNAMANGALLUR HSS





# കാത്തിരിപ്പ്

-ഫാത്തിമ നാജിയ 8 B

അവൾക്ക് കൂട്ടിനെന്നപോലെ ചന്ദ്രനും ആ രാത്രിയുടെ ശാന്തത കൈവെടിഞ്ഞ് തിരിച്ചുപോകാൻ വിസമ്മത ഭാവത്തിൽ ആകാശത്തിൽ അന്തിച്ചുനിന്നു. ആ വൃദ്ധസദനത്തിൻറെ ചവിട്ടുപടിയിൽ കൂനിക്കൂടി ഇരിക്കുന്നത് മാതൃത്ത്വത്തിൻറെ ഈറ്റുനോവറിഞ്ഞ ഒരു പച്ചയായ മനുഷ്യസ്ത്രീയാണ്. ഇന്നലെ പെയ്തുതോർന്ന കുളിർമഴയുടെ സുഗന്ധം അവർക്കു ചുറ്റും വിട്ടുമാറാതിരിക്കുന്നു. ഓർമ്മകളുടെ ഭ്രമണവലയത്തിൽ അകപ്പെട്ട അവരുടെ കണ്ണിൽനിന്നും താഴേക്കുപതിച്ച ചുടുകണ്ണീരിൽ അവരുടെ ജീവിതത്തിൻറെ എല്ലാ യാഥർത്ഥ്യങ്ങളും പ്രതിഫലിച്ചിരുന്നു. നിറഞ്ഞ ഇരുട്ടിനെ ഭേദിച്ചു കടന്നുവരുന്ന കാറിൻറെ ഡ്രൈവർസീറ്റിലേക്ക് അവർ എത്തിനോക്കി. നിരാശയായിരുന്നു ഫലം. ഉറക്കത്തിൽനിന്നും ഉണർന്ന മറ്റൊരു അന്തേവാസിയായിരുന്ന മാധവി അവളെ സ്നേഹത്തോടെ ശാസിച്ചു. അവരുടെ നിർബന്ധത്തിന് വഴങ്ങി കിടക്കയുടെ മാറിലേക്ക് ചാഞ്ഞു. തൻറെ സമീപത്തേക്ക് വരാൻ മടിക്കുന്ന നിദ്രാദേവിയ സ്മരിച്ചുകൊണ്ട് അവർ കണ്ണടച്ചു. നേരം എട്ട് മണി ആയപ്പോൾ ചായയുമായി വന്ന മാധവി അവരുടെ മുഖം പിടിച്ചുയർത്തി. ഉണങ്ങാത്ത കണ്ണീർപ്പാടിൽ മൃദുവായി വിരൽത്തുമ്പുകൊണ്ട് സ്പർശിച്ചപ്പോൾ നിസ്സംഗതയാർന്ന ഒരു പുഞ്ചിരി, ആ പുഞ്ചിരി ഓർമ്മകളിലേക്കുള്ള താക്കോലായിരുന്നു. അച്ചനില്ലാത്ത പുത്രനെ വളർത്താൻ വേണ്ടി മറ്റൊരു ദാമ്പത്യജീവിതം ത്യജിച്ച് സ്വന്തം അധ്വാനത്തിലൂടെ വരുമാനം കണ്ടെത്തിയ താൻ തൻറെ ഉള്ളംകൈയിലിട്ട് പൊടിച്ച് തീർത്തത് വൈധവ്യം, ദാരിദ്ര്യം തുടങ്ങിയ പ്രതിസന്ധികളെയാണ്. ഉപരിപഠനത്തിനായി കാലിഫോർണിയയിലേക്ക് പറന്നപ്പോഴും കണ്ണിൽ എണ്ണയൊഴിച്ച് കാത്തിരുന്നതും അവൻ വരുന്ന ദിവസങ്ങൾ കലണ്ടറിൽ അടയാളപ്പെടുത്തിയതും അവൾ പങ്കുവെച്ചു. മകനെ പ്രതീക്ഷയുടെ മുല്ലപ്പൂ ചൂടിച്ച സ്വന്തം അമ്മയെ വൃദ്ധസദനത്തിൽ തള്ളിയ മകനെ കാത്ത് ആ അമ്മ വൃദ്ധസദനത്തിൻറെ നീണ്ട ചവിട്ടുപടിയിൽ കാൽ നീട്ടിവെച്ച് കാത്തിരിക്കുന്നു... സാക്ഷിയായി ചുവന്ന മഷികൊണ്ട് വട്ടമിട്ട ആ കലണ്ടറും...

# അടയാളങ്ങൾ അവശേഷിക്കാതെ കടന്നു പോകുന്നവർ

Arwa IX-E

ഞാൻ മനുഷ്യനാണ് എന്നു പറഞ്ഞ് അഹങ്കരിക്കാൻ എനിക്ക് അർഹതയില്ല. ഭൂമിയിലെ 99 % മനുഷ്യരും സ്വന്തം നിലവാരത്തെ അളന്നു പറയുന്നവരാണ്. നാം ഒന്നും നേടിക്കഴിഞ്ഞിട്ടില്ല. അതു കൊണ്ടു തന്നെയാണ് സുഭാഷ് ചന്ദ്രൻ മനുഷ്യന് ഒരു ആമുഖം എന്ന് എഴുതേണ്ടി വന്നതും.

ഭൂമിയിലെ ജീവജാലങ്ങൾക്കു മുമ്പിൽ മനുഷ്യൻ ഒന്നുമല്ല എന്ന് തെളിയിക്കുന്ന ഒരു കഥയുണ്ട്. ഒരു ദിവസം കുറേ ആമകൾ ഒരു കടൽതീരത്തു കൂടി വരിവരിയായി പോവുകയായിരുന്നു. വരിയിലെ മുന്നിൽ നിന്ന ആമ കുറച്ച് വേഗത്തിൽ നടന്നു. കുറേ ദൂരം നടന്നപ്പോഴാണ് താൻ മുന്നിലെത്തി എന്ന് മനസിലായത്. മറ്റാരും തന്റെ പിറകിൽ ഇല്ലെന്നും. പെട്ടെന്ന് ആമയെ കുറുക്കൻ പിടിച്ചു. പിടി വീണതോ കഴുത്തിനു തന്നെ. രക്ഷപ്പെടാൻ ഒരു വഴിയുമില്ല. താൻ ഏതാനും നിമിഷങ്ങൾക്കകം കുറുക്കന്റെ ഭക്ഷണമാകുമെന്ന് മനസിലാക്കിയ ആമ തനിക്ക് അവസാനമായി ഒരു ആഗ്രഹമുണ്ട് എന്നും അത് ഈ മണലിൽ കളിക്കാനാണെന്നും പറഞ്ഞു. ആമയുടെ സൂത്രമാണെന്ന് തോന്നിയ കുറുക്കൻ ആദ്യൻ സമ്മതിച്ചില്ല. പക്ഷേ ആമ വീണ്ടും കരഞ്ഞു പറഞ്ഞപ്പോൾ കുറുക്കൻ സമ്മതിച്ചു. ആമ ആ മണ്ണിൽ തിരിഞ്ഞും മറിഞ്ഞും കളിച്ചു. ഒരു ഭ്രാന്തമായ ആവേശത്തോടു കൂടി കളിച്ച ശേഷം പറഞ്ഞു : ഇനി തന്നെ ഭക്ഷണമാക്കാൻ ആവശ്യപ്പെട്ടു. കുറുക്കൻ സംശയത്തോടെ ചോദിച്ചു നീ എന്തിനാണ് മണ്ണിൽ കുത്തി മറിഞ്ഞത് ? ഇത് കേട്ട് ആമ പറഞ്ഞു കുറച്ച് നേരം കഴിഞ്ഞ് എന്റെ കൂട്ടുകാർ ഇവിടെയെത്തും. അപ്പോഴേക്കും നീയെന്നെ ആഹാരമാക്കിയിരിക്കും. എന്റെ തോടും കുറച്ച് ശരീരാവശിഷ്ടങ്ങളും ഈ മണ്ണിൽ ഉണ്ടാകും. അതിനടുത്തായി ഞാൻ കളിച്ചു മറിഞ്ഞ മണലും അവർ കാണും. ഇത് കാണുമ്പോൾ അവർ കരുതും ഞാനും നീയും തമ്മിൽ ഒരുപാട് മൽപിടിത്തം നടന്നെന്നും മരിക്കുന്നതിന് മുമ്പ് ഞാൻ ധീരമായി പോരാടിയെന്നും.

കേവലം ഈ മണ്ണടയാളങ്ങൾ എങ്കിലും ഞാൻ ജീവിച്ചതിന്റെ അടയാളമായിരിക്കണം. എന്റേതായി ഒന്നും അടയാളപ്പെടുത്താതെയല്ല ഞാൻ പോകുന്നത് എന്ന ആശ്വാസത്തോടെ എനിക്ക് മരിക്കാം എന്നായിരുന്നു ആ ആമയുടെ മറുപടി.

ആമയുടെ ചിന്താഗതി പോലും ബുദ്ധിയും വിവേകവുമുള്ള മനുഷ്യനില്ലാതെ പോകുന്നു. തിന്നാനും കുടിക്കാനും ഭൂമിയിലെ ജീവജാലങ്ങളെ നശിപ്പിക്കാനേ നാം ശ്രമിച്ചിട്ടുള്ളൂ. പണമാണ് എല്ലാത്തിന്റെയും ആധാരമെന്ന് വിശ്വസിക്കുന്ന നാം പണത്തിന് വേണ്ടി എന്തും ചെയ്യാൻ തയ്യാറാകുന്നു.

ലഹരിക്കടിമപ്പെട്ട് സ്വന്തം അമ്മയെ വരെ കൊല്ലുന്നു. സ്വന്തം മക്കളെ പീഡിപ്പിക്കുന്നു. വാർദ്ധക്യത്തിൽ വീട്ടിൽ നിന്ന് പുറം തള്ളപ്പെടുന്ന മറ്റൊരു വിഭാഗം. നോക്കാൻ സമയമില്ലാത്തതിന്റെ പേരിൽ ഡേ കെയറിൽ ബാല്യം ചിലവഴിക്കുന്ന കുട്ടികൾ. ഇങ്ങനെ നീളുന്നു മനുഷ്യനെക്കുറിച്ചുള്ള വിവരണങ്ങൾ.ഒരു വശം ഇങ്ങനെയെങ്കിൽ മറു വശം മറ്റൊന്നാണ്. സ്നാക്സും ബോട്ടിലിലെ ദ്രാവകവും നുകർന്ന് വീഡിയോ ഗെയിമിനും കമ്പ്യൂട്ടറിനും മുന്നിലിരിക്കുന്ന ബാല്യങ്ങൾ. ബൈക്കിന്റെ സ്പീഡിൽ റോഡിന്റെ ഗട്ടറിൽ പൊലിയുന്ന യൗവനങ്ങൾ.

ഒന്നിനും സമയമില്ലാതെ പണത്തിനു പിറകെ ഓടി നടക്കുന്ന മുതിർന്നവർ. വൃദ്ധ സദനങ്ങളിലും റോഡ് സൈഡുകളിലും നഷ്ടമായ ഭൂതകാലത്തിന്റെ സുവർണ്ണ സ്വപ്നങ്ങൾ ഓർത്തിരിക്കുന്ന വാർദ്ധക്യം. ഇതിനിടയിൽ സ്വന്തം അസ്ഥിത്വം മനസ്സിലാക്കാൻ ആർക്കാണ് സമയം ?

ഒന്നും അവശേഷിപ്പിക്കാതെ ഒരു നാൾ ജീവിച്ചിരുന്നെന്ന് ഓർമ്മപ്പെടുത്താൻ ഒരു അടയാളം പോലും കൊഴിഞ്ഞു പോവുകയാണ് മനുഷ്യജന്മങ്ങൾ. ജീവിച്ചിരുന്നതിന് ഒരു അർത്ഥം വേണമെങ്കിലേ നാം മരിക്കുമ്പോൾ ആരെങ്കിലും നമ്മെ ഓർത്തിരിക്കണം. അടയാളങ്ങൾ അവശേഷിക്കാതെ കടന്നു പോകുന്നവർ ഭൂമിയിൽ ഒന്നും അവശേഷിക്കാതെ ജീവിച്ചു പോയവരാണ്. ജീവിതത്തിന് അർത്ഥമില്ലാതെ ജീവിച്ചു തീർത്തവർ. >>

>> ജീവിതത്തിലെ അനുഭവങ്ങൾ നമ്മെ കാണാപുറങ്ങൾ കൊടുത്തിരുന്നു.

# നിറങ്ങൾ

സ്വാദിക. എസ്. ഷാജി 9 D

നിലാവ് മായുകയായിരുന്നു. കാർമേഘത്തിന് പിറകിൽ ചന്ദ്രൻ എവിടെയോ ഒളിഞ്ഞിരുന്നു. കണ്ണീർ വറ്റാത്ത അവളുടെ കടുങ്കാപ്പി കണ്ണുകൾ ആരെയോ അന്വേഷിക്കുന്നുണ്ടായിരുന്നു.

"കുറ്റപ്പെടുത്താൻ പാടില്ലായിരുന്നു. അവളുടെ സ്ഥാനത്ത് താനായിരുന്നെങ്കിലും ഇങ്ങനെയക്കെ ചെയ്തു പോകും." ആരോടെന്നില്ലാതെ അവൾ മന്ത്രിച്ചു. വീട്ടിലെ അവഗണനയയും സ്കൂളിൽ നിന്നുള്ള ദേഷ്യപ്പെടലും തന്റെ കൂട്ടുകാരിയുടെ ജീവിതത്തെ ഏറെയൊക്കെ മരണത്തിലേക്ക് തള്ളി വിട്ടിരുന്നു. എന്നാലും അവളുടെ കൂടെ താനുണ്ടായിരുന്നല്ലോ ചിരിയും തമാശയുമായി. എന്നാലും ഇന്ന് ആ നിമിഷത്തിൽ താനും അവളെ കുറ്റപ്പെടുത്തിയില്ലേ ?

കണ്ണുകൾ നിറഞ്ഞ് തുളുമ്പി. തുടുത്ത കവിളിലൂടെ കണ്ണുനീർ ചാലിട്ടൊഴുകി. ഗോവണിപ്പടികൾ നടന്നു കയറി. ഇരുണ്ട മുറിയിലെ കസേരയിൽ കൈകൾ കൂട്ടിപ്പിടിച്ച് അവൾ കരഞ്ഞു. " ഈശോയേ , അവൾക്കൊന്നും പറ്റിയേക്കല്ലേ ". ഉറക്കത്തിന്റെ മടിത്തട്ടിലേക്ക് ആരുമറിയാതെ അവൾ ഒഴുകിപ്പോയി. ജീവദുരന്തങ്ങൾ ഏതോ ബാല്യകാലസ്വപ്നമായി അവളുടെ മുമ്പിൽ അണിനിരന്നു.

രാവിലെത്തൊട്ടേ തന്റെ കൂട്ടുകാരി സങ്കടത്തിലായിരുന്നു. ഒരുപാട് ചോദിച്ചപ്പോൾ പറഞ്ഞു. " പെണ്ണായിപ്പോയതിന്റെ പരാജയം. കഴിഞ്ഞ പരീക്ഷയിൽ എല്ലാ വിഷയത്തിലും എ പ്ലസ് എനിക്കല്ലേ ? എന്നിട്ടുമെന്തിനാ എന്നെയെല്ലാവരും നാശമായി കാണുന്നേ " ?സുഹൃത്തിന്റെ വാക്കുകൾ ഏതോ കിറുക്കായേ ഞാനന്ന് പരിഗണിച്ചുള്ളൂ. മലയാളം പിരീഡ് ഏതോ അഗാധമായ ചിന്തയിലായിരുന്നു അവൾ. പെട്ടെന്നായിരുന്നു അവൾക്കു നേരെ ടീച്ചറുടെ കണ്ണുകൾ. "എടീ പെണ്ണേ, നീയേത് ലോകത്താ ?" പെട്ടെന്നെന്ന പോലെ അവളുടെ ഉത്തരവും. "പെണ്ണിന്റെ ലോകത്ത്".തർക്കുത്തരം പറഞ്ഞെന്ന പേരിൽ അവളെ ക്ലാസിൽ നിന്ന് പുറത്താക്കി. പിരീഡ് കഴിഞ്ഞപ്പോൾ താനുമവളെ ഒരുപാട് കുറ്റപ്പെടുത്തി.

പിന്നീട് എന്താണ് സംഭവിച്ചത് ? ആലോചിക്കാൻ പോലും പ്രയാസം. ഉച്ച കഴിഞ്ഞിട്ടും അവളെ കാണാഞ്ഞിട്ട് ഞാൻ ടീച്ചറോട് പറഞ്ഞിരുന്നു. ആരുമത് ശ്രദ്ധിച്ചില്ല. പിന്നെ എല്ലാവരെയും പോലെ ഞാനുമത് കണ്ടു. നാല് നില കെട്ടിടത്തിന് താഴെ ആരുമില്ലാത്ത പ്രദേശത്ത് ഒരു ശരീരം. അവളുടെ കറുത്ത മുടിയിഴകൾ മുഖത്തേക്ക് പറന്നു വീണു. നെറ്റിയിലെ ചന്ദനക്കുറി അപ്പോഴും മായാതെ നിന്നു. പിന്നെ ഒരു മൂകതയായിരുന്നു.

ആശുപത്രിയിലെത്തിച്ചപ്പോൾ മരിച്ചിട്ടില്ലെന്നറിഞ്ഞു. അപ്പോൾ മുതലുള്ള പ്രാർത്ഥനയാണ്.
"അവൾക്കൊന്നും പറ്റിയേക്കല്ലേ ."
അവളുടെ സ്ഥാനത്ത് താനായാലും ഇങ്ങനെ ചെയ്യില്ലേ ?

ഉറക്കത്തിലാണെങ്കിലും തന്റെ ചുണ്ടുകൾ വിറച്ചു. കണ്ണുകൾ തുറന്ന് ശബ്ദമുയരുന്ന ടിവിയിലേക്ക് നോക്കി. ഒരു വാർത്ത എഴുതപ്പെട്ടു. "കെട്ടിടത്തിൽ നിന്ന് വീണ് ചികിത്സയിലായിരുന്ന പത്താം ക്ലാസ് വിദ്യാർത്ഥിനി മരണമടഞ്ഞു." >

.> 'സൗഹൃദത്തിന്റെ നിറങ്ങൾ അവസാനിച്ചത് പോലെ........'

# വഴികേടിലായ സമൂഹം

Haifa Muhammad P VIII- G

കൃത്യവും ത്രേതവും ധ്യാപരവും കടന്ന് കലിയിലെത്തുമ്പോൾ കാലം തപസ്യയിൽ നിന്നും യജ്ഞനത്തിൽ നിന്നും ജപകീർത്തനങ്ങളുടെ വിശ്വാസഭൂമിയിലെത്തുന്നതും ഇന്ന് വെളിവാണ്. കാലം അങ്ങനെ ഒഴുകിപ്പടർന്നുപോയി.പുത്തൻ തലമുറ ഓരോ വ്യക്തിയെയും ആവാഹനം ചെയ്യുകയാണ്. മനുഷ്യൻ കണ്ണ് തുറക്കുന്നത് സ്നേഹത്തിന്റെയും വെളിച്ചത്തിന്റെയും ലോകത്തേക്കല്ല. ക്രൂരതയുടെയും അന്ധകാരത്തിന്റെയും നിശ്ചലമായ കാലത്തിലേക്കാണ് . ക്രൂരതയുടെയും അന്ധകാരത്തിന്റെയും നിശ്ചലമായ കാലത്തിലേക്കാണ് . അർഥത്തിനോടുള്ള തീരാ ആക്രാന്തം ഇന്ന് മനുഷ്യമനസ്സുകളിൽ നുരഞ്ഞു പൊന്തുന്നു.സ്വന്തം ഉയർച്ചക്കുവേണ്ടി പലതിനെയും വെട്ടിപിടിക്കുകയും കൈയേറ്റം ചെയ്യുകയും ചെയ്യുന്ന മനുഷ്യന്റെ ദുഷ്പ്രവർത്തികൾ ലോകത്തെ നീചതയുടെ വസ്ത്രം അണിയിക്കുന്നു. ഗാന്ധിജിയുടെ പടം അതിമനോഹരമായ വരച്ച് കാട്ടിയ കടലാസുതുട്ടിനു പിന്നാലെയുള്ള നെട്ടോട്ടത്തിൽ ബന്ധങ്ങൾ അവർക്കു ബന്ധനങ്ങളായി മാറുന്നു. മനുഷ്യന്റെ ഓരോ  നീക്കവും ദുഷിച്ച ചിന്താഗതിയോടുകൂടി തുടരുമ്പോൾ  അവരുടെ ക്രൂരമായ നീചമായ പ്രവർത്തികൾ സമൂഹത്തിൽ നാശം വിതയ്ക്കുന്നതിലെ വില്ലനാണ്.

കാലം പൂത്തതിനാൽ അഭയം കൈവരിക്കുമ്പോൾ ; മനുഷ്യൻ ഉയർച്ച നേട്ടമായും താഴ്ച ജാള്യതയോടു കൂടിയും അംഗീകരിക്കുന്നു. അഹങ്കാരം കൊണ്ട് തറ നിർമിക്കുന്ന മനുഷ്യന്റെ പ്രവർത്തികൾക്ക് കത്തിയുടെ വായ്ത്തലത്തിന്റെ തീഷ്ണത.ഓരോ മനുഷ്യമനസ്സിലും ജ്വലിച്ചുയരുന്ന അഹങ്കാരത്തെ വികസനമാണെന്ന് പറഞ് ലോകത്തെ കൊട്ടും നാശത്തിലേക്ക് നയിക്കുന്നു.മനുഷ്യരുടെ അതിജീവനത്തിനായി എല്ലാം വേണമെന്ന കാര്യം അവർ മറക്കുന്നു.

കാലത്തിന്റെ ഒഴുക്കിനു വേഗത കൂടും തോറും മനുഷ്യ മനസ്സിൽ ജ്വലിച്ചുയരുന്ന അഹങ്കാരത്തിന്റെ അളവിൽ പിന്നും സ്വംഭവിക്കുന്നില്ല. ജീവിതം എന്ന പാതയിൽ പാതിയോളം തന്റെ ഉയർച്ചയ്ക്കായി മനുഷ്യർ പോരാടുന്നു.മനുഷ്യർ ക്രൂരതയ്ക്കും തിന്മകൾക്കും സാക്ഷ്യം വഹിക്കുമ്പോൾ നന്മയും സ്നേഹവും ഭ്രഗർഭത്തിലേക്കു ബീജമായി. മനുഷ്യ മനസ്സുകളിൽ ക്രൂരതയുടെ ജാള്യത കവിഞ്ഞൊഴുകുന്ന വൃക്ഷം വളർന്നു ഉറപ്പണിഞ്ഞപ്പോൾ പ്രകൃതി മരണത്തെ രുചിച്ചതിനു തുല്യം.

# മലയാളി മറന്ന മലയാളം

ദിൽദിയ 8-G

നമുക്കറിയാം ലോകശ്രദ്ധ നേടിയ ഭാഷകളിൽ ഒന്നാണ് മലയാളം. വളരെ ചെറിയ ഒരു പ്രദേശത്ത് വളരെ കുറച്ച് മനുഷ്യർ മാത്രം സംസാരിക്കുന്ന മലയാളം ലോകശ്രദ്ധ നേടാൻ കാരണമെന്തെന്ന് നാം ച്ന്തിക്കേണ്ടിയിരിക്കുന്നു. മറ്റു ഭാഷകളാണ് ഏറെ മാധുര്യം എന്നു കരുതി നടക്കുന്ന മലയാളികൾക്കു പോലും അതിന്റെ മാധുക്യം ആസ്വദിക്കാൻ കഴിഞ്ഞില്ല എന്നാണ് വാസ്തവം. ഒരു മലയാള മണ്ണിൽ പിറന്ന കുഞ്ഞ് ആദ്യം ഉച്ചരിക്കുന്നത് അമ്മ എന്നാണ്. പിച്ച വെച്ച നാളുകളിൽ ഒന്നു വഴുതിയാൽ നാം പറഞ്ഞിരുന്നത് അയ്യോ എന്നായിരുന്നു. അല്ലാതെ ഓ മൈ ഗോഡ് എന്നല്ല. മറ്റുള്ള ഭാഷകൾ കേവലം ദാത്രിമാർ , മർത്യനു പെറ്റമ്മ തൻ ഭാഷ തൻ എന്ന കുമാരനാശാന്റെ വരികൾ മലയാളികൾ ഏറെ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

കുഞ്ഞു നാൾ മുതൽ പറഞ്ഞു നടന്നിരുന്ന മലയാള ഭാഷയെ എന്തു കൊണ്ടാണ് മനുഷ്യൻ പുച്ഛത്തോടെ നോക്കുന്നത് എന്ന ചോദ്യത്തിന് ഒരുത്തരമേ ഉള്ളൂ . അവർക്ക് ആ ഭാഷയുടെ സൗന്ദര്യം തിരിച്ചറിയാൻ ഇപ്പോഴും സാധിക്കുന്നില്ല.

മറ്റുള്ള ഭാഷകൾ പഠിക്കണം. പക്ഷേ മലയാളം മറന്നു കൊണ്ടല്ല. ശങ്കരാചാര്യരുടെ ഭാഷ എന്ന നിലയിലും മലയാള ഭാഷയുടെ കീർത്തി അന്തരീക്ഷത്തിൽ പരക്കുമ്പോൾ ആ സൗന്ദര്യം ആസ്വദിക്കാനും,

എന്റെ ഭാഷ എന്റെ അഭിമാനമായി കാണുവാനും ഓരോ മലയാളിക്കും സാധിക്കട്ടേ എന്ന് പ്രാർത്ഥിക്കുന്നു.

# നാണയത്തുട്ട്

Safa Naurin E.P VII-D

മുത്തശ്ശീ... മുത്തശ്ശീ ... മുത്തശ്ശീ എവിടെയാ ? . സ്കൂൾ കഴിഞ്ഞ് വീട്ടിലെത്തിയപ്പോഴേക്കും അർച്ചന ആദ്യം തന്നെ മുത്തശ്ശീയെയാണ് ചോദിച്ചത്. മുത്തശ്ശീയെ എവിടെയും കാണാനില്ല . അവൾ സ്കൂൾ കഴിഞ്ഞ് വീട്ടിലെത്തിയാൽ മുത്തശ്ശീയാണ് അവളെ ആദ്യം സ്വീകരിക്കുക. പക്ഷേ അമ്മയോട് ചോദിച്ചപ്പോൾ അമ്മക്ക് മൗനം തരാനായിരുന്നു സന്തോഷം. ഏതോ ഒരു ഭാരം ഇറക്കിവെച്ച പോലെയായിരുന്നു അമ്മയുടെ മുഖഭാവം. അമ്മയെ കുറേ നേരം അർച്ചന വീർപ്പ് മുട്ടിച്ച് കൊണ്ടേയിരുന്നു. ഒരു കണക്കിൽ അമ്മ പറഞ്ഞു: " മുത്തശ്ശീ ഒരു ബന്ധു വീട്ടിൽ പോയിരിക്കുന്നു. കുറച്ച് നാൾ അവിടെ നിൽക്കാൻ മുത്തശ്ശീക്ക് നിർബന്ധമായിരുന്നു.
അതുകൊണ്ട് കുറച്ച് കഴിയും വരാൻ " എന്ന് പറഞ്ഞ് അമ്മ ശ്വാസം വിട്ടു. ആരുടെ വീട്ടിലാണ് എന്ന് ചോദിക്കുന്നതിനും അർച്ചനക്ക് താമസമുണ്ടായിരുന്നില്ല. പക്ഷേ അമ്മയുടെ രൗദ്രഭാവത്തിന് അവൾക്ക് സാക്ഷിയാകേണ്ടി വന്നു.

അർച്ചനയുടെ ജീവനാണ് അവളുടെ മുത്തശ്ശി . ചെറുപ്പം മുതലേ അവൾക്കു കൂട്ടായി നിന്ന മുത്തശ്ശിയെ ഒരു ദിവസത്തിൽ കൂടുതൽ പിരിഞ്ഞു നിൽക്കുന്നത് അർച്ചനയ്ക്ക് തികച്ചും പ്രയായാസകരമാണ് . ഇതുവരെ അവൾ അവളുടെ മുത്തശ്ശിയെ ഇങ്ങനെ പിരിഞ്ഞു നിന്നിട്ടില്ല. അതുകൊണ്ട് തന്നെ അച്ഛൻ വന്നാലുടൻ മത്തശ്ശിയെ കൂടി കൊണ്ട് വരണമെന്ന വാശിയിലായി.

രാത്രിയുടെ ഇരുട്ട് കൂടിക്കൂടി വരുന്ന സമയത്തതാണ് അവളുടെ അച്ഛൻ വീട്ടിൽ എത്തിയത്.അച്ഛൻ വന്നപ്പോഴേക്കും സങ്കടത്തിന്റെ മുഖവുമേന്തിയാണ് അവൾ ചോദിച്ചത് " അഛാ നമുക്ക് വേഗം മുത്തസിനിയെ കൂട്ടി കൊണ്ട് വരണമെന്ന് " ഒരു ആശ്ചര്യമുഖമാണ് അർച്ചന കണ്ടതെങ്കിലും അടുക്കളയിൽ നിന്നുള്ള കലാചില ശ്രുദ്ദയിലാണ് അവൾ ഏറെ ശ്രെദ്ദിച്ചത്. കിതച്ച കൊണ്ട് തന്നെ അമ്മയുടെ വരവിനെയും അവൾ ശ്രദ്ദിച്ചിരുന്നു. " അച്ഛൻ വന്നിട്ടേയുള്ളു.മുത്തശ്ശി വിളിക്കുമ്പോൾ നമുക്ക് കൂടി കൊണ്ട് വരാം " എന്ന പറച്ചിലിലൂടെ 'അമ്മ അടുക്കളയിലേക്കു തന്നെ പോവാനൊരുങ്ങി. " അതിനു മുത്തശ്ശിക്ക് വിളിക്കാൻ ഫോൺ ഇല്ലല്ലോ " അർച്ചന ചോദിച്ചു."അതിനു ആരെങ്കിലും അവിടുന്ന് വിളിക്കുകയില്ലേ എന്നും പറഞ്ഞു അമ്മയുടെ ഒരു ചുവന്ന ശൗര്യ മുഖം അവൾക്കു ഒന്ന് ലൂഡി കാണേണ്ടി വന്നു.
അച്ഛനാണെങ്കിൽ ഒരു മിണ്ടാപൂച്ചയെ പോലെ അച്ഛന്റെ കാര്യവും നോക്കി പോയി. വിഷമത്തോടെയാണ് അവൾ ആ മറുപടി സ്വീകരിച്ചതെങ്കിലും തെല്ലൊരു ആശ്വാസം അവൾ കണ്ടുപിടിച്ചു.

പിറ്റേന്ന് രാവിലെ നേരത്തെ എഴുന്നേറ്റു ഫോൺ വിളിക്കുന്നതും കാത്തു നിന്ന് കൊണ്ടേയിരുന്നു . സ്കൂളിൽ പോകാൻ തന്നെ അവൾ വളരെ വിഷമം പിടിച്ചിരുന്നു. മനസില്ല മനസ്സോടെയാണ് അർച്ചന സ്കൂളിൽ പോയതെങ്കിലും സ്കൂളിൽ നിന്ന് വന്നത് വളരെ ഉത്സാഹത്തോടെയായിരുന്നു. കാരണം അവളുടെ മുത്തശ്ശി വിളിച്ചിട്ടുണ്ടാവുമെന്ന പ്രേതീക്ഷയിൽ. വീട്ടിൽ എത്തി അമ്മയോട് ഫോൺ വിളിയെ കുറിച്ച് തിരക്കിയപ്പോൾ ഉത്തരം മറ്റൊന്നായിരുന്നു.അമ്മയുടെ രൗദ്രഭാവം അവളെ കുറച്ചോന്നും അല്ല ഭയപ്പെടുത്തിയത്. അത് കൊണ്ട് തന്നെ അമ്മയോട് സംസാരിക്കുന്നത് തന്നെ ചുരുക്കമായി. ആരും ഈ കാര്യത്തെ കുറിച്ച് പറയാത്തത് കൊണ്ടും മുത്തശ്ശിയുടെ വരവ് കാണാത്തത് കൊണ്ടും അവൾ ആരോടും ഇത് ചോദിക്കാൻ പോയില്ല.

അങ്ങനെ ഒരു ഫോൺ വിളിയുടെ കാത്തിരിപ്പ് എല്ലാം അർച്ചനയ്ക്ക് ദുരിത ദിവസങ്ങൾ ആക്കേണ്ടി വന്നു. ഒടുവിൽ മുത്തശ്ശിയുടെ വരവിനെ അവൾ മറക്കാനാഗ്രഹിച്ചു. വീട്ടിലുള്ള എല്ലവരോടും മുത്തശ്ശിയോട് വരെ അവൾക്കു വെറുപ്പ് തോന്നി.അങ്ങനെ കുറെ ദിവസങ്ങൾ തള്ളി നീക്കി കൊണ്ടിരുന്നു.

വിഷമങ്ങൾ കൂടി കൊണ്ടിരുന്ന അർച്ചനയുടെ ജീവിതം..... ഒരു ദിവസം സ്കൂളിലേക്ക് പോകുന്ന നടപ്പാതയിൽ ഒരു വൃദ്ധ,കാണാൻ അറപ്പും ദേഷ്യവും തോന്നുന്ന വൃദ്ധ വഴിയരികിൽ ഒരു പത്രവും നീട്ടികൊണ്ടു ഇരിക്കുന്നു. ആരും നോക്കാൻ തന്നെ മടിക്കുന്ന ആ മുഖത്തു , എന്തോ അർച്ചനയ്ക്ക് അവരോടു സഹതാപം തോന്നി. തന്റെ സ്വന്തം മുത്തശ്ശിയോട് ഉള്ളിൽ ഒരു തുമ്പു സ്നേഹം വെച്ച് ആ വൃദ്ധയുടെ അടുത്ത് ചെന്ന് ആ പാത്രത്തിലേക്ക് അർച്ചനയുടെ കയ്യിലുണ്ടായിരുന്ന കുറച്ച നാണയത്തുട്ടുകളെടുത്തു അതിലേക്കു ഇട്ടു.നാണയത്തുട്ടുകളുടെ ശബ്ദം കേട്ട് ആ വൃദ്ധ അർച്ചനയുടെ മുഖത്തേക്ക് നോക്കി.അവളൊരു പുഞ്ചിരി കൊടുത്തു. പിന്നെ അവളുടെ യാത്ര തുടർന്നു.പക്ഷെ വൃദ്ധയുടെ മിഴികളിൽ നിന്നും ചുടു കണ്ണുനീർ നാണയത്തുട്ടുകളിലേക്കു ഉറ്റി വീണു. തന്റെ പേരക്കുട്ടിയാണ് അത് എന്ന അറിവോടെ....................

# ഓർമ്മകളേ... പ്രണാമം

മിൻഹ എം 8-B

അനുഭവക്കുറിപ്പ്

ഓണദിവസം, സ്കൂളിലേക്ക് പ്രവേശിച്ചതും എൻറെ കണ്ണ് നേരെ തിരിഞ്ഞത് അങ്ങോട്ടായിരുന്നു. ഒരു നീണ്ട വരിയിലേക്കായിരുന്നു. ഒരു ഊഞ്ഞാലിലേക്ക്... ഞാൻ അങ്ങോട്ട് പോയി.അവിടുന്ന് കുട്ടികൾ,(സ്കൂളിലേക്ക് വന്നവരെല്ലാം) സ്കൂളിൽ ആദ്യമായി ഊഞ്ഞാലിട്ടല്ലോ എന്ന് പറയുന്നതായി ഞാൻ കേട്ടു. ഊഞ്ഞാലാടാൻ ഞാൻ കാത്തുനിന്നു. പക്ഷെ ഇപ്പോഴൊന്നും എനിക്ക് ഊഞ്ഞാലാടാൻ ഞാൻ കഴിയില്ല എന്ന് എനിക്ക് മനസ്സിലായി. ഞാൻ നിരാശയോടെ അവിടെ നിന്ന് മടങ്ങി. കുറച്ച കഴിഞ്ഞ് ഞാൻ വന്നുനോക്കി. തിരക്കുണ്ടോ കുറയുന്നു. ഞാൻ ബാക്കി പരിപാടികളെല്ലാം കാണാൻ പോയി. പക്ഷെ എൻറെ ഒരു കണ്ണ് അപ്പോഴും ഊഞ്ഞാലിലായിരുന്നു. ഊഞ്ഞാലിൽ ആടുന്നവർ മാറിയെങ്കിലും തിരക്കിൽ ഒരു മാറ്റവുമുണ്ടായിരുന്നില്ല. ഞാൻ അങ്ങനെ ഞങ്ങളുടെ സ്കൂളിലെ അദ്ധ്യാപകനായ ഷിജി മാഷിൻറെ അടുത്തേക്ക് ഓടി. അവിടെ എൻറെ കുറച്ച് കൂട്ടുകാരും ഇതേ പരാതിയുമായി എത്തയിരുന്നു. മാഷ് തിരക്കൊഴിയുമ്പോൾ ആടാമെന്ന് പറഞ്ഞു. പക്ഷെ ആ മറുപടി എനിക്കൊട്ടും സന്തോഷം തന്നില്ല. നിരാശ തന്നെ ആയിരുന്നു ഫലം! മാഷിനും അങ്ങനെ പറയാനേ കഴിയൂ... കാരണം ആദ്യമായുള്ള ഊഞ്ഞാൽ എല്ലാവരുടെയും സ്വന്തമായുള്ള പോലെയായിരുന്നു. ആരും അതിനെ മറ്റുള്ളവർക്ക് നൽകാൻ ഇഷ്ട്ടപ്പെട്ടിരുന്നില്ല. എത്ര കാത്തുനിന്നിട്ടും തിരക്കിന് കുറവുമില്ല!

വൈകുന്നേരം എല്ലാ കുട്ടികളും പോയി. കുറച്ച കുട്ടികൾ മാത്രം!ഊഞ്ഞാലിൻറെ അടുത്ത് കുട്ടിനാരുമില്ല. കൂട്ടുകാരില്ലാഞ്ഞിട്ട് ഊഞ്ഞാൽ എന്നെ മാടിവിളിക്കുന്നതുപോലെ എനിക്ക് തോന്നി.ഞാൻ ഊഞ്ഞാലിൻറെ ചാരത്തേക്ക് ഓടി. അപ്പോഴതാ ഷിജി മാഷ് വരുന്നു. മാഷ് പറഞ്ഞു."ആടിക്കോ ആടിക്കോ...". ഞാൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി അപ്പോൾ എൻറെ രണ്ട് കൂട്ടുകാർ ഇങ്ങോട്ട് വന്നു... ഞാൻ മനസില്ലാമനസ്സോടെ അവർക്ക് ഊഞ്ഞാൽ കൊടുത്തു.

ഈ ദിവസം എൻറെ ഓർമ്മച്ചെപ്പിലെ ഒരു മായാത്ത അനുഭവമാണ്.

# മുനീറിന്റെ ബിയ്യാത്തു

-FAMNA THAJ

ഞാൻ കണ്ട ബിയ്യാത്തു അല്ലേന്ന് അത്? പണ്ട് പറങ്കിമാങ്ങ പറിക്കാൻ പോമ്പോ പാമ്പിനെ ചവിട്ടിയത് ഓർമണ്ടാവോ ഓൾക്ക? നാരങ്ങമിഠായിക്കും വേണ്ടി സൈനുത്താനോട് കള്ളം പറഞ്ഞ് ന്റെ കൂടെ പോന്ന ബിയ്യാത്തു ആണോ അത്...അതോ!!

ഒരു വലിയ മാവിൻചോട്ടിൽനിന്ന് മുനീറിന്റെ ആലോചനയിലൂടെയാണ് നമ്മള് ഇപ്പം പോണത്..ആ ആലോചന ശരിയായിരുന്നോ?? നമുക്കൊന്നെത്തി നോക്കാം...

"ഞാനേതായാലും ഓളെയൊന്ന് കാണാൻ പോവാ..." എന്ന് മനസ്സിൽ ഉറപ്പിച്ച് മുനീർ അവളുടെ അടുത്തേക്ക് പോയി..

എന്നിട്ടെന്തായിരിക്കും സംഭവിച്ചത്? ഓളെന്തായിരിക്കും പ്രതികരിച്ചത്?

ഓളെ മുമ്പിൽ പോയിനിന്ന് ഒന്ന് ചിരിച്ച് നോക്കിയപ്പോഴോ...മനസ്സിൽ ഭൂകമ്പം വന്ന പോലെ ആ ചോദ്യം...ആരാ? പണ്ട് തന്റെ കൂടെ മാത്രമേ പള്ളിക്കൂടത്തിൽ പോവാറും പെട്ടിപ്പീടികന്ന് ഒണക്കപ്പുഴമ്പൊരി കഴിക്കലും ഊഞ്ഞാലാടലും എല്ലാം..

ബിയ്യാത്തു..ഇത് ഞാനാണ് നിന്റെ മുനീർ...മുനീർ ആകാംക്ഷയോടെ പറഞ്ഞു.

മുനീറോ...അതാരാ..? എനിക്ക് അങ്ങനാരേം ഇതുവരെ അറിയില്ലാല്ലോ...ഞെട്ടിപ്പോയി മുനീർ...തന്റെ ബാല്യകാലസുഹൃത്ത് ഇപ്പോൾ തന്നോടാദ്യമായാണ് ഇങ്ങനെ ചോദിക്കുന്നത്...

ഇതാരാണ്...? ന്റെ മാത്രം ബിയ്യാത്തു അല്ലേ ഇത്? അതോ,കൂട്ടുകാരിയുടെ മുമ്പിൽ സ്റ്റാറ്റസിനു യോജിക്കാത്ത എന്റെ സഖിയായിരുന്നെന്ന് പറയുന്നത് നാണക്കേടാണോ ഓൾക്ക്...? അല്ലെങ്കിൽ ഓൾടെ സ്വന്തമായിരുന്ന എന്നെ ഓൾ മറന്ന് പോയോ..?

പിന്നെ ഒരു നിമിഷം നിന്നില്ല...കണ്ണുകളിൽ നിന്നും വെള്ളം കുലംകുത്തിയൊഴുകാൻ കാത്തിരിക്കുകയാണ്...ആ തെറ്റായ ബിയ്യാത്തുവിനെ കാണിച്ചുതന്ന കണ്ണുകൾ...അവളെ കാണേണ്ട എന്ന് മനസ്സിൽ പറഞ്ഞ് തിരിച്ച് ആ മാവിൻചുവട്ടിലേക്കു തന്നെ മുനീർ പോയിനിന്നു.

# എന്നോട് ക്ഷമിക്കില്ലേ നീ

ആ തെരുവിൽ ഞാൻ തനിച്ചായതു പോലെ എനിക്ക് തോന്നി. അന്ന് അമ്മ പുറത്താക്കിയപ്പോൾ പോലും തോന്നാത്ത ഒരൊറ്റപ്പെടലാണ് ആ നേരം തോന്നിയത്.
ഈ ബോംബേ തെരുവിൽ ഞാൻ സഞ്ചരിക്കാൻ തുടങ്ങിയിട്ട് മാസം പത്ത് തികയാനായിരിക്കുന്നു. ഇനി എന്റെ കൈയിൽ ചുക്കിച്ചുളിഞ്ഞ മുപ്പത് രൂപ മാത്രം...വല്ലാതെ വിഷക്കുന്നുണ്ട്. ഭക്ഷണം വാങ്ങാൻ എന്നോട് തന്നെ ഞാൻ ഒരു നൂറു പ്രാവശ്യമായി പറയുന്നു. പക്ഷെ കൈയിലെ അവസാന സമ്പത്ത് കളയാനെനിക്ക് സാധിക്കുന്നില്ല.

അങ്ങനെ എന്റെ കണ്ണിൽഇരുട്ടു കയറിക്കൊണ്ടിരിക്കുമ്പോളാണ് ഒരു വിളി...വിജയാ....ഞാൻ ഒന്ന് ഞെട്ടിത്തരിത്തു ഈ ബോംബേ തെരുവിൽ ആരാണെന്നെ ഇത്ര പരിജയത്തിലെന്നെ വിളിക്കാൻ....കഴിഞ്ഞ പത്തു മാസമായി ഞാൻ വിളിച്ചുകേൾക്കാൻ ആഗ്രഹിക്കുന്ന ഒരു വിളി. ഞാൻ അമ്പരന്നു പോയി..ഹമീദ് ആയിരുന്നു അത്...ഒറ്റ ഭാവത്തിൽ മനസ്സിലാക്കാൻ സാധിച്ചില്ലെങ്കിലും എനിക്ക് ഹമീദിനെ മനസ്സിലായി...എന്റെ ഈ ദുരിദാവസ്ഥ കണ്ട് അവൻ എന്താടാ പറ്റിയത് എന്ന് ചോതിക്കാൻ മടിയായതു കൊണ്ടാവാം...അവൻ എന്നോടു പറഞ്ഞു... വാ...നീ കാറിൽ കയറ്...ഞാൻ നാട്ടിലേക്കാണെന്ന്...എന്തോ എനിക്കും സാധിച്ചില്ല അവനോടൊന്ന് മിണ്ടാൻ പോലും...

കാറിന്റെ മുൻ സീറ്റിലിരുന്ന ഞാൻ എന്റെ പഴയ ചീളുകളിലേക്ക് അറിയാതെ പോയി...ഒരിക്കലും ആഗ്രഹിക്കരുത് എന്ന് ഞാൻ മനസ്സിൽ കുറിച്ചിട്ട ഓർമകളാണവ...എനിക്കു താഴെ ഒരു പന്ത്രണ്ട് വയസ്സുകാരി...എന്റെ സ്വന്തം മാളു, അമ്മ,അച്ഛൻ,പിന്നെ ഞാൻ...സന്തുഷ്ട കുടുംബം....

# Walks to heaven

Ayisha Rida VIII-D

The thundering storms approached as the clouds started grey, whole the houses and villages sunken into dark. All faces of my cousins turned dull. All gathered around veranda to just share our deep grief. All of our sorrows was one,only one. And that we, planned to say those sadness to our parents. I peeped through the kitchen door to see my mum, she was busy at working. I hung up on her apron as she turned her face towards me, I stared at her and said me sorrow ones. She stopped those desires in just one word "no", " you cant, I never care you sadness for that such reason. Now go and watch some TV  with your cousins. When its time for such, just set one your table to eat". I went to my cousins they were Habil,Manna,Ezra and lovely sister Alina. They shouted on me to beg upon my mom's leg or dad's. I nodded my head "I just did my best on mum but I wouldn't do it on dad cause he is actually a pretty monster. We thought a lot at last some thing light on my mind." I have an idea "we decided an suggested my idea as the best one.  I Went to mum "mum, we are going for a cycle ride to our play ground , my friends are waiting down at the street, and I am taking Alina, I will take care of her"and mum advised as to be care full while riding but she knew what all I expressed in front of her was a lie,we decided to conquer our dreams, step out the road the darkness faded away there bright the whole village. We took short cut to our destination. It means place where we actually want to go, its too far. We went too many ways. At last I thought the brightly sun had fooled me. I was bathed in sweat. Not only me my sisters too. I felt sorry on her, but she made it by a smile. My legs started shivering. My sister fall on the way saying she is tired. She cant move a step forward. She was just 6 years old. She cried for water. Our screams for water me and Habil searched everywhere. I cried "My little sister, please forgive me, what I am doing is completely mad". "Could you please bear it until you reach there". "Yes" she nodded her head. All that made me sad too. We walked under the burning hot sun until we reached there. I went near it and cried "hold my tears towards my hands like bowls for prayer and love". Tears flowed through our each eyes. "grandpa, hope you are fine  under this dark grave. May god please your sin,give you a wide place in your grave. I will try my best to be with you we could definitely hold our hands and happily ride our journey to heaven. We went back home on the way we saw a church we entered the god sisters gave us water we thankfully drank it and continued our way we reached home it was silent. I entered the house then what i saw was my monster.

# THE DARK AGE

Nida Fathima VIII-G

A beautiful morning. The school as closed for summer vacation . Everyone's mind was filled with plans to do on their vacation. But Appu's mind was full of updating his story, status on Facebook, Instagram and twitter .

When she was walking to her home she kept her friend asked her what was her plans for the vacation. Appu didn't say anything she just smiled at him and walked silently to her home.

When she reached her home she kept her bag in her room and got freshed . Her mother made dishes for her. She was checking her account of the phone which her parents gave her. Since she got that phone she was attached to that and was silent and didn't talk to her friends that much. She was always looking on the phone. Even when she was walking, eating and doing any other activity. Even thought the pictures she posted online were smiling, inside she was lonely and sad. She had only company with her best friend who lived next door. But she stopped friendship with her as she don't have any account in any social media website.

So now she has a friend in Facebook, her name is Sara. She is from Germany. While she was eating and chatting with, her mother scolded her for using that phone every time and saying that her eyesight will be less. Her mother later told that they were going to their Aunt's house as it was vacation and she had cousins there.

Appu was not at all interested in going because network connection was less there. She tried to confess her mother by saying she didn't want to go there and had many assignments and homework. Her mother told that she can take her assignments and writing equipments with her, so that she could write from there.

Appu was not at all happy with this.

Then it was the day for them to go. As you know she took selfie and photos and updating her Facebook, Instagram account. She told each and every detail to her

friend Sara even though she haven't seen her in her life.

Finally they reached there. Before getting out of the car her mother warned her not to play in the phone. Then they greeted their cousins, Aunt and Uncle.

Her cousins were also had accounts in social media. But they were aware about strangers and traps that can happened in social media.

One day as they were playing cards, one of her cousin asked if she chatted to any stranger in Facebook. Appu said no. Then one of her cousin asked her, “Not even to Sara?”. Appu was speechless. She came with some lame excuses. Then she asked how'd they know Sara. Her cousins burst into laughter and explained to her that they were the one who was chatting to her as Sara. Her cousins said that they came up with this idea because they are not that company to Appu and they know how Appu is addicted to the phone and social media. They have done this because to teach her how social media can be dangerous. Appu said sorry,

From that day onwards Appu was totally changed and was active and company with everyone.

# പ്രഭാതം

ദേവിക . പി

വളരെ മനോഹരിയാണ് പ്രകൃതി. എത്ര വർണ്ണിച്ചാലും മതി വരാത്ത പ്രകൃതിസൗന്ദര്യത്തിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു ദൃശ്യമാണ് പ്രഭാതം.

സൂര്യൻ കിഴക്കൻ ചക്രവാളത്തിൽ ഉദിച്ചുയർന്ന് എങ്ങും പ്രകാശം നിറക്കുന്ന ആ നിമിഷം എനിക്ക് വളരെയധികം ഇഷ്ടമാണ്. ആകാശത്തിൽ രക്തവർണ്ണം ചാർത്തിയാണ് സൂർയൻ ആഗമിക്കുന്നത്.

പ്രഭാതമായിക്കഴിഞ്ഞാൽ പൂക്കളെല്ലാം ചിരിച്ച് കൊണ്ട് കണ്ണ് തുറക്കും. ഒപ്പം പക്ഷികളുടെയെല്ലാം മധുരമായ നാദവും കേൾക്കാൻ നല്ല രസമാണ്. പക്ഷികളെല്ലാം അവരുടെ നിദ്ര വിട്ട് വയലുകളിലേക്കും വരമ്പുകളിലേക്കും പാറി നടന്നു കൊണ്ട് പഴങ്ങൾ ശേഖരിക്കാൻ വന്നെത്തുന്നു.

ഓരോ ആളുകളും അവരുടെ ദിവസം സന്തോഷത്തോടെ പ്രതീക്ഷയോടെ ആരംഭിക്കുമ്പോൾ സൂര്യരശ്മികൾ ഭൂമിയൊന്നാകെ വെളിച്ചം വിതറി വിന്യസിക്കുന്നു.

പ്രഭാതത്തിൽ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് കുതിക്കുന്ന ഈ പ്രപഞ്ചം ഒരത്ഭുതമാണ് എന്നും.

ഏതൊരു മൃഗത്തിനും സ്വന്തം സമുദായത്തിലുള്ളവരുമായിട്ടുള്ള ഐക്യവും സ്നേഹവും വളരെ വലുതാണ്. എന്നാൽ മതത്തിന്റെ പേരിലും മറ്റു പലതുമായും മനുഷ്യർക്കിടയിൽ ഐക്യവും സ്നേഹവും കുറഞ്ഞു വരികയാണ്. ഏവർക്കുമിടയിൽ സ്നേഹവും വിശ്വാസവും ഉണ്ടാവണം. എന്നാലേ മാനവ ഐക്യം എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയുള്ളൂ.

ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്ന ശ്രീനാരായണ ഗുരുവിന്റെ വചനം ഏവർക്കുമൊരു പ്രചോദനമാകണം. നാനാമതങ്ങൾ നാനാദേശങ്ങളുമായി നമ്മുടെ ലോകത്തുണ്ട്. മതം മനുഷ്യന്റെ ജീവിതത്തിലെ ഒരു ഘടകം മാത്രമാണ്.

മതമേതായാലും മനുഷ്യൻ നന്നായാൽ മതിയെന്നാണല്ലോ. ഈ തത്വത്തെ ഏവരും എന്നും മനസിൽ കരുതേണം. ഈ ലക്ഷ്യം പൂർണ്ണമാകട്ടേ എന്ന് ആശംസിച്ച് കൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തുന്നു. നന്ദി , നമസ്കാരം.

# **ALAPPAD** THE ABSCONDING **BOON!**

**ASEEL MOHAMMED IX-E (ft finger maddies)**

Yes,we were hearing the name for a while actually what is happening on alappad?why is the strike for?let me explain it,the problem of alappad is mining, The mining in alappad is continuing for decades(british men started it),in starting the land was 8km wide,and there were many beautiful villages, now in 2019 many of the villages had vanished a village called ponmudi completely washed out ,the people migrated,the schools destructed,one of the temple in alappad is at **SEA!**,The amazing thing is that our government is doing that!,and now in some places the land is only 15 meters wide!

What will happen if the sea and back water merge?(other side of alappad is backwaters)

It is upper kuttanad on the other side,it is below sea level so the sea water will flow to backwaters of alappey,the water will become saline and the consequences will be dangerous!
So lets hold our hands together to save alappad,**Save Alappad, Stop Mining.**

# SCIENTIFIC FACT ABOUT CRYING

**-Azin ahammed IX E**

We all know that we cry when we are sad but most of them don't know that crying is good for the health of our eyes. It is said that the dust particles which are already entered into our eyes are removed when one cries. So it is good for crying at least in a week.The tear we all humans shed are 78% of dust and 22% water content. This fact was recently found in 2010 by unpopular canadian scientist named reddrick joseph.

# Media and society

Farha Banna X-C

Now our world is in the mouth of media. The whole people are using medias. The most we use is social medias. Media is a world. There are so many types of media.

In television we can see news channels. It is helping us to know what is happening our world. The crimes, rapes and good things also. But now our media is focusing bad things. Thats what our society want. We are happy with bearing crimes, rapes, robberies like that things. Today our newspapers are filled with crimes and rapes. Especially in our Kerala. Our Kerala is know as God's own country. But it is devil's own country now. In our Kerala small children are being raped. Even 8 months child and 70 year old lady. What is our world's situation.

And there is so many social medias. Facebook, Whatsapp, Instagram, Twitter, etc. Now there are having very importance in our life. We are using these to communicate each other. But the reality is these have more bad qualities than goods. In our society, there are so many girls who are being cheated with this social medias. So many girls are committing suicide because of this problem. So many people misusing our medias.

But our medias have so many good qualities. It helps us to study, now in our schools also we are using internet. We can see all we need in it. 'Google' is a big source for it. And if we want to buy anything we can buy it through 'Amazon', 'Flipkart' etc. We are in modern age. We have to use it but remember,

Not negatively!!!

Medias are really helpful if we read newspapers, watch news channels we are travelling through the world. We can understand the world's sorrows, happiness, problems. We can also participate in it. That's a good thing.

Use medias, and don't misuse.

# Why the nature goes crazy?

ASEEL MOHAMMED (FINGER MADDIES)

Yes,nowadays most of the people are blaming nature for disasters happened few days ago,actually why did nature killed our brothers and sisters we are the reason for it, we people used nature above the limits so she become bad,she had done everything she can at last this was her last choice so please don't blame nature for the problems we have done so today onwards we can work and pray for a bright future,
because only money or your grate positions cant drive the world but the nature can the world will become good at a point when the humans realise the value and use of nature until the disasters(humans)will attack the world of peace,so i repeat if you need a bright future or your next generation needs please realise the people who tries to kill the innocent world!

# INSPIRING THOUGHTS

-Ayash abdulla IX-E

The journey of thousand miles begins with one step

- Lao tzu

If you want to make your dream come true the first thing you have to do is wake up

-J.M Powers

Do not let what you cannot do interfere with what you can do

-John wooden

A successful man is one who can lay a firm foundation with the bricks that others throw at him

-green berg

We are what we repeatedly do. Excellence, then, is not an act, but a habit

-Aristotle

If you can't do great things, do small things in great way

-Napoleon Hill

When the world says ''give up'' hope whispers, ''try it one more time'

-Iz'han

# വയനാട് സന്ദർശനം

ആർദ്ര . പി

കഴിഞ്ഞ ഡിസംബർ 10 ന് ഞായറാഴ്ച ദിവസം എന്റെ വിദ്യാലത്തിലെ ഏതാനും കുട്ടികളൊന്നിച്ച് വയനാട് സന്ദർശിക്കാൻ സൗകര്യപ്പെട്ടു. ഞങ്ങൾ ഒരു ബസെടുത്തിട്ടാണ് പോയത്. എല്ലാ കുട്ടികളും ഉച്ചഭക്ഷണം കരുതിയിരുന്നു. ഗ്രൂപ്പ് ലീഡറായി ജോൺസനും ഞാനും തെരഞ്ഞെടുക്കപ്പെട്ടതു കൊണ്ട് എനിക്കു നല്ല ചുമതലയായിരുന്നു. ചുരം കയറിയായിരുന്നു യാത്ര. ഈ ചുരം കയറിപ്പോകുമ്പോൾ 18 ഓളം ഹെയർപിൻ വളവുകളുണ്ട്. മൂടൽ മഞ്ഞുണ്ടായിരുന്നു. മുകളിലെത്തിയപ്പോൾ നല്ല തണുപ്പുണ്ടായിരുന്നു. കൽപറ്റ, മാനന്തവാടി, സുൽത്താൻ ബത്തേരി, തുടങ്ങിയ സ്ഥലങ്ങളെല്ലാം ഞങ്ങൾ സന്ദർശിച്ചു. ഭയങ്കര വനപ്രദേശം. ഓരോ കാര്യത്തെപ്പറ്റിയും പറയുകയാണെങ്കിൽ ധാരാളം എഴുതാനുണ്ട്. പ്രകൃതിഭംഗി തന്നെ അത്യാകർഷകമാണ്. പക്ഷേ, വിവരിക്കാൻ നിവർത്തി ഇല്ലാത്തതു കൊണ്ട് ഇവിടെ ചുരുക്കുന്നു.